LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ

44 (4390) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വതന്ത്ര്യ സമര സേനാനി ശ്രീ. വാസു വൈദ്യർ, പറയേരിക്കണ്ടി ഏരിമല നായർകുഴി, കോഴിക്കോട് സ്വാതന്ത്ര്യസമര സേനാനി പെൻഷന് വേണ്ടി നൽകിയ അപേക്ഷ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) പെൻഷനുവേണ്ടി വർഷങ്ങൾക്കുമുമ്പ് അപേക്ഷിച്ചിട്ടും പെൻഷൻ അനുവദിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ശ്രീ. വാസുവൈദ്യർക്ക് പെൻഷൻ അനുവദിച്ച് നൽകുന്നതിന് അടിയന്തര നടപടി സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അപേക്ഷകൻ 1999-ൽ കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടത്തിൽ അനുശാസിക്കുന്ന ഔദ്യോഗിക തെളിവു രേഖകളുടെ അഭാവത്തിൽ നിരസിക്കുകയുണ്ടായി. അപേക്ഷകൻ 2008-ൽ സർക്കാരിന് സമർപ്പിച്ച അപേക്ഷയിന്മേലും മതിയായ തെളിവ് രേഖകളൊന്നും ഹാജരാക്കിയിരുന്നില്ല. അപേക്ഷകൻ 2010-ൽ സർക്കാരിന് വീണ്ടും സമർപ്പിച്ച അപേക്ഷയിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) പെൻഷന് അർഹതയുള്ള യഥാർത്ഥ സ്വാതന്ത്ര്യ സമര സേനാനിയാണെന്ന് തെളിയിക്കുന്നതിനായി ആറുമാസത്തിൽ കൂടുതൽ തടവ്/ഒളിവ് യാതന അനുഭവിക്കുകയും അതിനാധാരമായ അറസ്റ്റ് വാറണ്ട്, ജയിൽ രേഖ, കോടതി രേഖ തുടങ്ങിയ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടം അനുശാസിക്കുന്ന രേഖകളൊന്നും അപേക്ഷയോടൊപ്പം ഹാജരാക്കാത്തതിനാലാണ് പെൻഷൻ അനുവദിക്കാതിരുന്നത്.

(സി) അപേക്ഷ വിശദമായി പരിശോധിക്കുകയും അപേക്ഷകൻ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടത്തിൽ അനുശാസിക്കുന്ന രീതിയിലുള്ള ഔദ്യോഗിക തെളിവു രേഖകൾ ഹാജരാക്കാത്തതിനാൽ നിരസിക്കുകയുണ്ടായി. 2010-ൽ സർക്കാരിന് സമർപ്പിച്ച അപേക്ഷയിന്മേലുള്ള റിപ്പോർട്ട് ജില്ലാ കളക്ടറിൽനിന്നും ലഭിച്ചിട്ടില്ല.

(ഡി) സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള ഔദ്യോഗിക തെളിവു രേഖകൾ ഹാജരാക്കുന്ന പക്ഷം അപേക്ഷ പരിഗണിക്കുന്നതാണ്.